**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5953** **09-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തുന്ന സാഹചര്യങ്ങളിൽ സംസ്ഥാന ജി.എസ്.ടി വകുപ്പ് നടപടി എടുക്കുന്നുണ്ട്. കേന്ദ്ര ജി.എസ്.ടി വകുപ്പും നികുതി വെട്ടിപ്പിനെതിരെ നടപടി എടുക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ നടക്കുന്ന ജി.എസ്.ടി. വെട്ടിപ്പ് കണ്ടെത്തി തടയുന്നതിനും സംസ്ഥാനത്തിന്റെ വരുമാന ചോർച്ചയ്ക്ക് കാരണമായ ഗുരുതര കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | (ബി) | **നികുതി വെട്ടിപ്പിനെ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നിങ്ങനെ തരംതിരിക്കാതെ സമഗ്രമായി അന്വേഷണം നടത്തുന്ന രീതിയാണ് വകുപ്പ് കൈക്കൊള്ളുന്നത്. ജി.എസ്.ടി. വെട്ടിപ്പ് വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സെർച്ച് ഇൻസ്പെക്ഷൻ വാഹന പരിശോധന എന്നീ നടപടികളിലൂടെ കണ്ടെത്തുകയും നികുതിയും, പിഴയും എന്നിവ ഈടാക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വരുമാന ചോർച്ചയ്ക്ക് കാരണമായ ഗുരുതര കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം സംസ്ഥാനത്ത് ഇതുവരെ 14 അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.** |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, ഇത്തരത്തിൽ ജി.എസ്.ടി. വെട്ടിപ്പ് നടത്തിയത് മൂലം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ ജി.എസ്.ടി. വെട്ടിപ്പ് നടത്തുന്നവർക്കെതിരെ വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനകളിൽ നികുതി വെട്ടിപ്പ് കണ്ടെത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ലഭ്യമാക്കിയ അധിക നികുതി വരുമാനം **അനുബന്ധമായി** ചേർക്കുന്നു. സമാനമായ രീതിയിലുള്ള കേന്ദ്ര ജി.എസ്.ടി സംവിധാനവും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അധിക നികുതി ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | തുക (കോടിയിൽ) |
|---|---|
| 2021-22 | 157.05 |
| 2022-23 | 532.05 |
| 2023-24 | 1744.73 |
| 2024-25 | 59.45 |

Jasmin

**സെക്ഷൻ ഓഫീസർ**